പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2628 **28-10-2026-ൽ മറുപടിയ്ക്ക്**

സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സി. അജയപ്രസാദ്

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) പുനലൂർ മണ്ഡലത്തിലെ കുളത്തുപ്പുഴ പഞ്ചായത്തിലുൾപ്പെട്ട ഡാലീകരിക്കം ചതുപ്പിൽ എത്ര കുടുംബങ്ങളാണ് വനം വകുപ്പിന്റെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിൽ സന്നദ്ധത പ്രകടിപ്പിച്ചതെന്നും അവരിൽ എത്ര കുടുംബങ്ങളെ ഒഴിപ്പിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

മറുപടി: പുനലൂർ മണ്ഡലത്തിലെ കുളത്തുപ്പുഴ പഞ്ചായത്തിലുൾപ്പെട്ട ഡാലിക്കരിക്കം ചതുപ്പിൽ 73 കുടുംബങ്ങൾ വനംവകുപ്പിന്റെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിൽ സന്നദ്ധത പ്രകടിപ്പിച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ആയതിൽ മൂന്ന് അപേക്ഷകൾ പുതുവൽഭ്രമിയായതിനാലും, മൂന്ന് അപേക്ഷകൾ കട്ട് ഓഫ് തീയതിക്കുശേഷം ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളതിനാലും പരിഗണിച്ചിട്ടില്ലാത്തതാണ്. ശേഷിക്കുന്ന 67 അപേക്ഷകരിൽ നോൺ റെസിഡന്റ് കാറ്റഗറിയിൽപ്പെട്ട 7 പേരെ നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിച്ചിട്ടുള്ളതാണ്.

(ബി) ഒഴിയാൻ സന്നദ്ധത പ്രകടിപ്പിച്ച എത്ര കുടുംബങ്ങളെ ഇനി ഒഴിപ്പിക്കാനുണ്ടെന്നും അവരെ ഒഴിപ്പിക്കാതെ തുടരുന്നതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ?

മറുപടി: ഒഴിയാൻ സന്നദ്ധരായ 67 അപേക്ഷകരിൽ 60 പേർക്ക് മതിയായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ധനസഹായം നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ